# INDIAN SCHOOL DARSAIT

## MODEL QUESTION PAPER - FEBRUARY, 2018

## MALAYALAM(2nd Language)

Class: IX Max.Marks: 80
Date: Time: 3hrs.

***General Instructions:***

** The question paper will be divided into four sections:*

**** Section A – Reading Comprehension - 10 marks-***

**** Section B- Writing – 16 marks***

**** Sections C – Grammar- 17 marks***

**** Section D – Literature – 37 marks***

**SECTION-A/ എ. വിഭാഗം (10 Marks)**

I ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

മലയാളത്തിൽ ആദ്യമായി പ്രകാശിതമായ നോവൽ അപ്പു നെടുങ്ങാടിയുടെ 'കുന്ദലത'യാണ്. 1887–ലാണ് അത് പ്രസിദ്ധീകരിച്ചത്. പാശ്ചാത്യ നോവലുകളെ അനുകരിച്ചാണ് 'കുന്ദലത' എഴുതിയതെങ്കിലും കഥാഘടനയിലും സംഭവങ്ങളുടെ വിശ്വാസ്യതയിലും കഥാപാത്ര സൃഷ്ടിയിലും വേണ്ടത്ര മിഴിവ് വന്നിട്ടില്ലെന്നാണ് നിരൂ പകരുടെ അഭിപ്രായം. എന്നാൽ ആദ്യ നോവലെന്ന നിലയിൽ അനുമോദനാർഹമായ ഒരു കൃതിയായി 'കുന്ദലത' കണക്കാക്കപ്പെടുന്നു. 1889–ൽ പ്രസിദ്ധീകരിച്ച ചന്തുമേ നോൻെറ 'ഇന്ദുലേഖ' മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലാണ്. ജന്മി കളായിരുന്ന നമ്പൂതിരിമാരുടെയും നായന്മാരുടെയും ഇടയിൽ നിലവിലിരുന്ന ദുരാ ചാരങ്ങളും അന്ധവിശ്വാസങ്ങളും നർമ്മരസത്തിൽ മുക്കി പ്രതിഫലിപ്പിക്കുകയാണ് ചന്തുമേനോൻ ചെയ്തിരിക്കുന്നത്. ഇന്ദുലേഖ, മാധവൻ, പഞ്ചുമേനോൻ, സൂരിനമ്പൂ തിരിപ്പാട് തുടങ്ങിയവരാണ് 'ഇന്ദുലേഖ'യിലെ പ്രധാന കഥാപാത്രങ്ങൾ. 'ഇന്ദുലേഖ' പ്രസിദ്ധീകരിച്ച് രണ്ടു കൊല്ലം കഴിഞ്ഞ് ചന്തുമേനോൻ എഴുതിയതാണ് 'ശാരദ', അത് പൂർണ്ണമാക്കിയിട്ടില്ല. കുടുംബ വ്യവഹാരങ്ങളും ദുർവാശിക്കാരായ കാരണവ ന്മാരും അവരെ വഴിതെറ്റിക്കുന്ന കാര്യസ്ഥന്മാരും വക്കീലന്മാരുമെല്ലാം അരങ്ങു വാഴു ന്നതാണ് 'ശാരദ.' അതിലെ കഥാപാത്രമായ രാമൻ മേനോൻ, പൂഞ്ചോലക്കരയച്ചൻ, വൈത്തിപ്പട്ടർ തുടങ്ങിയവർ ജനഹൃദയങ്ങളിൽ കയറിപ്പറ്റിയവരാണ്.

2

1. മലയാളത്തിൽ ആദ്യമായി പ്രകാശിതമായ നോവൽ എഴുതിയതാരാണ്? 2

2. നിരൂപകർ അഭിപ്രായപ്പെടുന്നതെന്ത്? 2

3. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവൽ ഏത്? 2

4. ഇന്ദുലേഖയിലെ പ്രധാന കഥാപാത്രങ്ങൾ ആരെല്ലാം? 2

5. ഈ ഗദ്യഭാഗത്തിന് ഉചിതമായ ശീർഷകം നല്കുക.

II. **ബി വിഭാഗം – Section- B (*20 marks*)**

1. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ലഘു ഉപന്യാസം എഴുതുക. 8

   (a) ജലസംരക്ഷണം

   (b) വായനയുടെ പ്രാധാന്യം

   (c) മാറുന്ന ഭക്ഷണശീലവും ആരോഗ്യപ്രശ്നങ്ങളും

2. ക്രമസമാധാനനില പുനസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാകളക്ടർക്കു കത്ത് തയ്യാറാക്കുക. 8

III. **സി വിഭാഗം – Section- C**

(a) പ്രയോഗം മാറ്റുക. 2

1. വെയിറ്റർ ഊണു കൊണ്ടുവന്നു തന്നു.
2. തുഴകൾ കടത്തുകാരനാൽ മെല്ലെ ചലിപ്പിക്കപ്പെട്ടു.

(b) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക. 2

1. താഴെയുള്ളവർക്ക് കുടിവെള്ളം കൊടുക്കാൻ പെരുംക്രൂരതയോടു പൊരുതുന്ന പഞ്ചമന്മാരെ വൈലോപ്പിള്ളി പാടി പുകഴ്ത്തിയിട്ടുണ്ട്,
2. വയലിൽ അവർ കൊയ്യുമ്പോൾ വരമ്പിലിരുന്ന് അവൻ പാടി

(c) തെറ്റുണ്ടെങ്കിൽ തിരുത്തുക. 2

വളരെ ബഹുമാന്യനായ ഒരാൾ ഒറ്റയ്ക്ക് ഏകനായി വരുന്നത് കടത്തു കാരൻ കണ്ടു

(d) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. 2

1. മന്ദിരത്തിൽ
2. ഉദ്യോഗക്കയറ്റം

(e) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. 2

1. സ്വരച്ചേർച്ച
2. ദീർഘയാത്ര

(f) പര്യായ പദങ്ങൾ എഴുതുക 2

1. മുറ്റം
2. ചിരി

(g) നാനാർത്ഥങ്ങൾ എഴുതുക 2

1. പാത്രം
2. നൂറ്

IV. ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. 2x1/2=1

(a) വിപരീത പദമെഴുതുക.

1. ഉദ്ഭവം (തദ്ഭവം, തിരോഭാവം, ആവിർഭാവം)
2. ശാശ്വതം (വിശ്വതം, അശ്വതം, നശ്വരം)

(b) അർത്ഥവ്യത്യാസം എഴുതുക. 2x1/2=1

1. ക്ഷണം- ക്ഷണനം (ഇപ്പോൾ, നോട്ടം, നിമിഷം, വധം)
2. പത്രം-പാത്രം (ഇല ,തളിക, ശുദ്ധം, കപ്പൽ)

(c) എതിർലിംഗം എഴുതുക. 2x1/2=1

1. സൗമ്യ (സൗമ്യൻ, സുമുഖൻ, സൗമ്യകൻ)
2. ധീരൻ (ധീരു, ധീര, ധീരി)

## ഡി വിഭാഗം - Section – D

V. (I) ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. 10x1/2=5

1. സഫലമീയാത്ര എന്ന കവിത എഴുതിയത് ആര്?
   (എൻ.എൻ.കക്കാട്, ഇടശ്ശേരി ഗോവിന്ദൻ നായർ, വയലാർ)
2. ചെറുശ്ശേരിയുടെ ജീവിതകാലം
   (15-ാം നൂറ്റാണ്ട്, 16-ാം നൂറ്റാണ്ട്, 17-ാം നൂറ്റാണ്ട്)
3. വിളക്കുകത്തിക്കാൻ ത്വരയാർന്നിരിക്കുന്നത് ആര്?
   (തീക്കോല്, മിന്നാമിനുങ്ങ്, ധീരൻ)
4. താമരക്കുളം നോക്കി ഗമിക്കുന്നത് ആര്?
   (കാള, കന്യമാർ, തത്തകൾ)
5. അമ്പരത്തിണ്ണയിൽ പറ്റി നിന്നത് എന്ത്?
   (അമ്പിളി, പൂഞ്ചിറകോലുവോർ, പൂമ്പുലരി)
6. ‘സിദ്ധാർത്ഥ എന്ന നോവൽ വിവർത്തനം ചെയ്തത് ആര്?

(ഹെർമ്മൻ ഹെസ്സെ, ആർ. രാമൻ നായർ, വാസുദേവൻ)

7. “അമ്മ ആ പേര് മറന്നു.”- ആരുടെ പേര്?

(ഗോപിയുടെ വിമലയുടെ, ജ്യേഷ്ഠത്തിയുടെ)

8. ‘ചിതയിലെ വെളിച്ചം എന്ന പുസ്തകം രചിച്ചത് ആര്?

(എം.എൻ. വിജയൻ, വൈലോപ്പിള്ളി ശ്രീധരമേനോൻ, ഇടപ്പള്ളി രാഘവൻ പിള്ള)

9. ‘രണ്ടു ടാക്സിക്കാർ’ എന്ന ലേഖനം ഏതു ഗ്രന്ഥത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്?

(യതിചര്യ, മരണമെന്ന വാതിലിനപ്പുറം, സമ്യക്കായ ലോകവീക്ഷണം)

10. “ഒളിച്ചു വയ്ക്കാൻ കഴിയാത്തലജ്ജയോടെ ആ മുഖം താണു”- ആരുടെ?

(ശാന്തമ്മയുടെ ,ശങ്കരൻ കുട്ടിയുടെ, തൊഴിലാളി സ്ത്രീയുടെ)

VI. 3x4=12

(a) ഉത്തരമെഴുതുക.

1. വണ്ടിക്കാരനെ മറ്റൊരു വണ്ടിക്കാള എന്നു വിളിക്കാൻ കാരണമെന്ത്? ചർച്ച ചെയ്യുക.

2. അമ്പാടിയിലേക്കു പോകുന്ന അക്രൂരൻെറ ചിന്തകൾ എന്തെല്ലാം?

3. “എത്ര കൊഴുത്ത ചവർപ്പു കുടിച്ചു വറ്റിച്ചു നാം
ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ”- ഈ വരികളുടെ പൊരുൾ കണ്ടെത്തുക..

(b) 1. കമലം, ഗോപി എന്നിവരുടെ സ്വഭാവത്തിലെ പ്രത്യേകതകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. 3x4=12

2.സമകാലികരായ കവികളിൽ നിന്നു വൈലോപ്പിള്ളി എങ്ങനെ വേറിട്ടുനില്ക്കുന്നുവെന്ന് വ്യക്തമാക്കുക.

3. “പെട്ടെന്നു തോന്നിയത് ലോകം തവിടുപൊടിയായി പോയെന്നാണ്? സന്ദർഭം വിശദമാക്കുക.

(IV) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2x4=8

1. സ്വാമി വിവേകാനന്ദന് തേജസ്വിയായവാഗ്മി എന്നു വിശേഷിപ്പിക്കാൻ കാരണമെന്ത്?

2. സ്വാമി വിവേകാനന്ദൻെറ അന്ത്യനിമിഷങ്ങളെക്കുറിച്ച് വിവരിക്കുക.

3. സ്വാമിയുടെ ചിക്കാഗോപ്രസംഗത്തിൻെറ പ്രത്യേകത വ്യക്തമാക്കുക.